

# Evening Prayers
# for
# Sunday Prayer Meetings

Complied by SDIOC Prayer Group, Auckland



## ST. DIONYSIUS INDIAN ORTHODOX CHURCH
**AUCKLAND, NEW ZEALAND INC.**

# ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ നമസ്ക്കാരക്രമം

## സന്ധ്യ

(ഇതിൽ ഒമ്പതാം മണി, സന്ധ്യ, എന്നീ പ്രാർത്ഥനകൾ ചേർത്തിരിക്കുന്നു)

### പ്രാരംഭം

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.
ആദിമുതൽ എന്നന്നേക്കും തന്നെ ആമ്മീൻ
തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

### കൗമാ

ദൈവമേ നീ പരിശുദ്ധനാകുന്നു .
ബലവാനേ നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു,
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണയുണ്ടാകേണമേ. (മൂന്നു പ്രാവശ്യം)

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവേ കൃപചെയ്തു ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും നമസ്ക്കാരവും കൈക്കൊണ്ട് ഞങ്ങളോട് കരുണയുണ്ടാകണമേ.

ദൈവമേ നിനക്കു സ്തുതി. സ്രഷ്ടാവേ നിനക്കുസ്തുതി. പാപികളായ നിന്റെ അടിയാരോട് കരുണചെയ്യുന്ന മശിഹാ രാജാവേ നിനക്കു സ്തുതി. ബാറെക്മോർ.

## കർത്തൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ! നിന്റെ തിരുനാമം പരിശുദ്ധമാകപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ. എന്തുകൊണ്ടന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം. നമ്മുടെ കർത്താവു നിന്നോടുകൂടെ. നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു, നിന്റെ ഉദരഫലമായ നമ്മുടെ കർത്താവീശോമിശിഹാ! വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവ മാതാവായ വിശുദ്ധ കന്യക മർത്തമറിയമേ തമ്പുരാന്റെ അമ്മേ പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തും ദൈവം തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ

## മാർ ബാലായുടെ ബോവൂസാ

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ! അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ സൃഷ്ടിയെ നീ പുത്തനാക്കി അനുകൂലമാക്കണമേ. കർത്താവേ! നിന്റെ ആശ്രയത്തെക്കുറിച്ച് മരിച്ച് നിന്റെ വരവിനെ നോക്കിപ്പാർക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ പുണ്യമാക്കണമേ. അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അവരെ പാർപ്പിക്കണമെ. വന്നവനും വരുന്നവനും മരിച്ചവരെ അനുകൂലമാക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നു ശരീരങ്ങളും ആത്മാക്കളും ശരിയായിട്ടു നിലവിളിച്ചു പറയുമാറാകണമേ.

(രണ്ട് കൗമാ നമസ്ക്കരിക്കണം)

മോറാൻ യേശുമശിഹാ! നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങൾക്കുനേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ. കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി ഞങ്ങളോടു കരുണയുണ്ടാകണമേ.

**രണ്ടു കൗമാ**

## 91 – ഉം, 120 – ഉം മസുമൂറകൾ

ഉയരപ്പെട്ടവന്റെ മറയിൽ വസിക്കുകയും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമേ!

എന്റെ ശരണവും സങ്കേതസ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നുവെന്ന് കർത്താവിനെ ക്കുറിച്ച് നീ പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും, വ്യർത്ഥസംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും

അവൻ തന്റെ തൂവലുകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെകീഴിൽ നീ മറയ്ക്കപ്പെടും; അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിലൂതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്ത് ആയിരങ്ങളും നിന്റെ വലത്തു ഭാഗത്ത് പതിനായിരങ്ങളും വീഴും .

എങ്കിലും അവ നിങ്കലേക്ക് അടുക്കയില്ല; എന്നാലോ നിന്റെ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും. ദുഷ്ടൻമാർക്കുള്ള പ്രതിഫലത്തെ നീ കാണും.

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആക്കിയിരിക്കുന്നു എന്ന എന്റെ ശരണമായ കർത്താവു നീയാകുന്നു.

ദോഷം നിന്നോടടുക്കുകയില്ല; ശിക്ഷ നിന്റെ വാസ സ്ഥലത്തിനു സമീപിക്കയുമില്ല

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിനായിട്ട് അവൻ നിന്നെക്കുറിച്ച് അവന്റെ മാലാഖമാരോട് കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിൻമേൽ നിന്നെ വഹിക്കും .

ഗോർസോ സർപ്പത്തെയും ഹർമ്മോനോ സർപ്പത്തെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും.

അവൻ എന്നെ വിളിക്കും ഞാൻ അവനോട് ഉത്തരം പറയും ഞെരുക്കത്തിൽ ഞാൻ അവനോടുകൂടിയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും

ദീർഘായുസ്സുകൊണ്ട് ഞാനവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ അവനു ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും എന്റെ സഹായക്കാരൻ എവിടെ നിന്നു വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല.

കർത്താവു നിന്റെ കാവൽക്കാരനാകുന്നു കർത്താവു തന്റെ വലതുകൈകൊണ്ടു നിനക്കുനിഴലിടും

പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കില്ല;

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും കർത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തേയും ആഗമനത്തേയും ഇതു മുതൽ എന്നേക്കും കാത്തുകൊള്ളും . ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറക്മോർ

## അപേക്ഷ

ഉയരപ്പെട്ടവന്റെ മറയിലിരിക്കുന്നവനായ കർത്താവേ! നിന്റെ കരുണയിൻചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളോടു കരുണയുണ്ടാകണമേ.

സകലവും കേൾക്കുന്നവനെ നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കേണമേ.

മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരേണമെ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു; ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പുണ്യപ്പെടുത്തി ഈ ലോകത്തിലും ആ ലോകത്തിലും ഞങ്ങളോടു കരുണ ചെയ്യേണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നില്ക്കേണമേ.നിന്റെ സ്ലീബാ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ. നിന്റെ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ

നിന്നെ പ്രസവിച്ച മറിയാമ്മിന്റെയും നിന്റെ സകല പരിശുദ്ധൻമാരുടേയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൽക്കു പരിഹാരം ഉണ്ടാക്കി ഞങ്ങളോടു കരുണ യോടുചെയ്യേണമെ.

## ക്രൂബേൻമാരുടെ സ്തുതിപ്പ്

എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു +

എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു. +

എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു. +

വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ ഞങ്ങളോട് കരുണചെയ്യണമേ.

വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ ഞങ്ങളോട് കരുണചെയ്യണമേ.

വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ കൃപയുണ്ടായി ഞങ്ങളോട് കരുണചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്വമുള്ളവനാകുന്നു.
നീ എന്നേക്കും വിശുദ്ധിയും മഹത്വമുള്ളവനാകുന്നു.
നീ എന്നെന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി
എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി.
ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...............
കൃപനിറഞ്ഞ മറിയമേ.......................................

## വിശ്വാസ പ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു

ദൈവത്തിന്റെ ഏകപുത്രനും, സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും, സൃഷ്ടിയല്ലാത്തവനും, സാംരാംശത്തിൽ പിതാ വിനോടു സമത്വമുള്ളവനും, തന്നാൽ സകലവും നിർമ്മി ക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി, വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വി. കന്യകമറിയാമിൽനിന്നും ശരീരിയായി തീർന്ന് മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ

ദിവസങ്ങളിൽ ഞങ്ങൾ ക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടു, കഷ്ടം അനുഭവിച്ചു, മരിച്ചു, അടക്കപ്പെട്ട് മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറി, തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിന് അവസാനം ഇല്ലാത്തവനുമായ യേശു മശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്ന് പുറപ്പെട്ട്, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയൻമാരും ശ്ലീഹൻമാരും മുഖാന്തിരം സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹീകവുമായ ഏക വിശുദ്ധസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിന് മാമോദീസാ ഒന്നുമാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ്ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ **ബാറെക്മോർ സ്തൗമെൻ കാലോസ്-കുറിയേലായിസ്സോൻ**

## അപേക്ഷ

സത്യ ദൈവമേ! നീ ഞങ്ങളെ രക്ഷിക്കണമേ . സർവ്വ ഉപദ്രവങ്ങളിൽ നിന്നും സകല പാപങ്ങളിൽ നിന്നും ദുർമനസ്സ് ഒക്കെയിൽ നിന്നും വേശ്യാദോഷചിന്തയിൽ നിന്നും സകലശത്രുക്കളിൽ നിന്നും വഞ്ചനയുടെ സ്നേഹിതൻമാരിൽ നിന്നും പിശാചുക്കളുടെ പരീക്ഷകളിൽ നിന്നും ദുഷ്ടമനുഷ്യരുടെ സകല ദുഷ്ടതകളിൽ നിന്നും അശുദ്ധ വിചാരങ്ങളിൽ നിന്നും മലിന മോഹങ്ങളിൽ നിന്നും പൈശാചിക വികാരങ്ങളിൽ നിന്നും ദു:സ്വപ്നങ്ങളിൽ നിന്നും മറച്ചുവെച്ചിരിക്കുന്ന കെണികളിൽ നിന്നും വ്യർത്ഥവചനങ്ങളിൽ നിന്നും വൻ ചതിവുകളിൽ നിന്നും ദുഷ്ട സംസർഗ്ഗത്തിൽ നിന്നും ഈ ലോക സംബന്ധമായ സകല പരീക്ഷകളിൽ നിന്നും ഞങ്ങളെ നീ രക്ഷിക്കേണമെ . ക്രോധത്തിന്റെ വടിയിൽ നിന്നും പെട്ടന്നുള്ള മരണത്തിൽ നിന്നും കോപത്തിൽ നിന്നും ദോഷത്തിൽ നിന്നും മിന്നലുകളിൽ നിന്നും ഇടികളിൽ നിന്നും വസന്തകളിൽ നിന്നും അഗ്നി നരകത്തിൽ നിന്നും അതി വേദനകളിൽ നിന്നും ചാകാത്ത പുഴുവിൽ നിന്നും കെടാത്ത തീയിൽ നിന്നും പല്ലുകടിയിൽ നിന്നും കരച്ചിലിൽ നിന്നും കഠിനതരമായ സംഭവത്തിൽ നിന്നും ദോഷമുള്ള നാഴികയിൽ നിന്നും ഉപദ്രവകരമായ അധികാരത്തിൽ നിന്നും ക്ഷാമത്തിൽ നിന്നും ഭയത്തിൽ നിന്നും പരിഭ്രമത്തിൽ നിന്നും സഹിപ്പാൻ പാടില്ലാത്ത സകല ശിക്ഷകളിൽ നിന്നും പോകുവിൻ ഞാൻ നിങ്ങളെ അറിയുന്നില്ല എന്നുള്ള തിരുവചനത്തിൽ നിന്നും നിന്നിൽ നിന്ന് ഞങ്ങളെ അകറ്റുന്നതായ സകലത്തിൽ നിന്നും കർത്താവേ ! ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമേ. ആമ്മീൻ

## സൂത്താറാ നമസ്ക്കാരം

(ഒരു കൗമാ നമസ്ക്കരിച്ചു ചൊല്ലേണ്ടത് )

കരുണയുള്ള ദൈവമേ! നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു . നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങളെ നീ വിരോധിക്കരുതേ . ദൈവമേ ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനു നിന്നെ ഞങ്ങൾവിളിക്കുന്നു. നല്ലവനേ ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകേണമേ.

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കുള്ള കർത്താവെ
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവ്വോടെ നിൻ തിരുമുമ്പിൽ
നിൽപ്പാനെനിക്കു നീ നൽകണമേ

വീണ്ടും ഞാനുറങ്ങാന്നാകിൽ
എനിക്കുള്ള എന്റെയുറക്കം
കർത്താവേ നിൻ തിരുമുമ്പിൽ
ദോഷംകൂടാതാകണമേ.

എന്നുണർച്ചയിൽ ഞാൻ ചതിപ്പെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ

തവക്ഷീണത്തിൻ സ്ക്കീപ്പായാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാ സ്വപ്നമശുദ്ധിയിൽ നി
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമെ

നിരപ്പുനിറഞ്ഞ ഉറക്കത്തിൽ
രാവൊക്കെ എന്നെ നീ ഭരിക്കാ
തണ്യവരും വേണ്ടാന്നിനവും
എന്നിൽ മുഷ്ക്കരമാക്കല്ലേ

നിന്റെയടിയാൻ ഞാനതിനാ
ലെന്റെ സന്ധികൾ കാപ്പാനായ്
വെളിവിനുടെ മാലാഖായെ
എനിക്കു നീ തരണം കർത്താവേ

ദ്വേഷതപെട്ടയപേക്ഷയിൽ നി
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ
ഉയിർപെട്ട നിൻ ദേഹത്തെ
ഞാനനുഭവിച്ചെന്നതിനാലെ

ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിന്റെ ചോരയെനിക്കു കാവൽ
നിൻ മനച്ചിലിനുടെ സ്വതകർമ്മം
നിൻ കൃപയോടെ നൽകണമേ

നിൻ കൈ മനഞ്ഞ ശരീരത്തിൽ
നിന്റെ വലത്തേതാകണമേ
നിന്റെ കരുണകൾ കോട്ടയതാ
യെനിക്കു നീ ചുറ്റിച്ചുകൊള്ളണമേ

ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായതു നിൻശക്തി
സൗരഭ്യമായ ധൂപം പോ
ലെന്റെ യുറക്കം തിരുമുമ്പിൽ

നിന്നെപ്പെറ്റന്നമ്മയുടെ
നിന്നോടുള്ളയപേക്ഷയാലെ
എനിക്കുള്ളശയനത്തിന്മേൽ
തിന്മപെട്ടവനണയരുതേ

എനിക്കുവേണ്ടീട്ടുണ്ടായെന്ന
നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കായ്‌വാൻ
സാത്താനെ നീ മുടക്കണമെ

കർത്താവേ നിൻ പറഞ്ഞൊപ്പ്
എന്റെ പക്കൽ തികയ്ക്കണമേ
നിനക്കുള്ള + സ്ലീബായാലെ
എന്റെ ആയുസ്സു കാക്കണമെ

ഞാനുണരപ്പെട്ടന്നപ്പോൾ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളർച്ചയുടെ പക്കൽ
നിന്റെയുപവി നീ കാട്ടണമേ

നിൻ തിരുമനസ്സിനെ ഞാനറിഞ്ഞ്
ഞാനതിനെ ചെയ്‌വാനായി
നിൻതിരുമനോഗുണമതിനാലെ
എനിക്കു നീ മനോഗുണം ചെയ്യണമേ.

നിരപ്പു നിറഞ്ഞോരന്തിയും
പുണ്യത്വത്തിനുടെ രാവും
ഞങ്ങളുടെ രക്ഷാകരൻ മിശിഹാ
കർത്താവെ അടിയാർക്കു നീ തരിക

വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ വന്ദിക്കുന്നു

നിനക്കുസ്തുതി നിന്നനുഗ്രഹങ്ങൾ
ഞങ്ങളുടെ മേലുമതാകണമേ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമാകണമേ

എന്റെ കർത്താവേ നിനക്കു സ്തുതി
നിനക്കുസ്തുതി സ്തുതി നിനക്കുസ്തുതി
ആയിരങ്ങളുടെ ആയിരവും
അളവുകൂടാതെ നിനക്കു സ്തുതി

നമസ്ക്കാരം കേൾക്കുന്നവനെ
യാചനകൾ നല്കുന്നവനേ
ഞങ്ങളുടെ നമസ്ക്കാരം കേട്ട്
യാചനകൾ നല്കീടണമേ.

ശുദ്ധമുള്ള ബാവാ! ശുദ്ധമുള്ള നിന്റെ തിരുനാമത്താൽ ഞങ്ങളെ കാത്തുകൊള്ളണമേ. രക്ഷിതാവായ പുത്രാ ജയമുള്ള നിന്റെ + സ്ലീബായാൽ ഞങ്ങളെ മറച്ചുകൊള്ളണമേ ശുദ്ധമുള്ള റൂഹാ ശുദ്ധമുള്ള നിന്റെ കുടിയിരിപ്പിന് ഭവനങ്ങളായി ഞങ്ങളെ ചമയ്ക്കണമെ.ഞങ്ങളുടെ ദൈവമായ കർത്താവേ! നേരമൊക്കെയിലും എല്ലാ സമയങ്ങളിലും നിന്റെ ദൈവത്വത്തിന്റെ ചിറകുകളുടെ കീഴിൽ എന്നേക്കും ഞങ്ങളെ മറച്ചു കൊള്ളണമേ.

ആമ്മീൻ